REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 17-04-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

1. വഖഫ് ഭേദഗതി നിയമത്തിന്റെ ഭരണഘടനാ സാധുത ചോദ്യം ചെയ്യുന്ന ഹർജികളിൽ സുപ്രീംകോടതി ഡിവിഷൻബെഞ്ച് ഇന്നും വാദം കേൾക്കും.
2. യേശുക്രിസ്തുവിന്റെ പീഡാസഹനത്തിന്റെ സ്മരണ പുതുക്കി ക്രൈസ്തവർ ഇന്ന് പെസഹ ആചരിക്കുന്നു.
3. ലഹരിവിരുദ്ധ കാമ്പയിനിന്റെ നാലാംഘട്ടം ജനകീയപ്രവർത്തനമായി മാറ്റിയെടുക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
4. മുതലപ്പൊഴി യുദ്ധകാലാടിസ്ഥാനത്തിൽ മുറിക്കുന്ന പ്രവൃത്തി ഇന്നാരംഭിക്കും.
5. IPL ക്രിക്കറ്റിൽ ഡൽഹി ക്യാപിറ്റൽസ്, രാജസ്ഥാൻ റോയൽസിനെ സൂപ്പർ ഓവറിൽ പരാജയപ്പെടുത്തി.

## വാർത്തകൾ വിശദമായി

വഖഫ് ഭേദഗതി നിയമത്തിന്റെ ഭരണഘടനാ സാധുത ചോദ്യം ചെയ്യുന്ന ഹർജികളിൽ സുപ്രീംകോടതി ഡിവിഷൻബെഞ്ച് ഇന്നും വാദം കേൾക്കും. ഹർജികളുടെ പരിഗണനാവേളയിൽ കോടതിയുന്നയിച്ച മൂന്ന് ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ കേന്ദ്രം കൂടുതൽ സമയം ആവശ്യപ്പെട്ടതിനെ തുടർന്നാണ് ഇന്നലെ ഇടക്കാല ഉത്തരവ് തൽക്കാലം നിർത്തി വെച്ചത്. ഇന്ന് ഉച്ചയ്ക്ക് രണ്ട് മണിക്ക് വാദം തുടരും.

✪✪✪

യേശുക്രിസ്തുവിന്റെ പീഡാസഹനത്തിന്റെ സ്മരണ പുതുക്കി ക്രൈസ്തവർ ഇന്ന് പെസഹ ആചരിക്കുന്നു. കുരിശുമരണത്തിനു മുൻപ് യേശു ശിഷ്യരുടെ കാൽ കഴുകിയതിന്റെയും, അവസാനത്തെ അത്താഴം കഴിച്ചന്റെയും ഓർമ്മ പുതുക്കലായാണ് പെസഹ വ്യാഴം ആചരിക്കുന്നത്.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)......

ദേവാലയങ്ങളിൽ ഇന്ന് കുർബാനയ്ക്കു പുറമേ പ്രത്യേക പ്രാർത്ഥനകളും കാൽ കഴുകൽ ശുശ്രൂഷയും വീടുകളിൽ പെസഹാ അപ്പം മുറിക്കുന്ന ചടങ്ങും നടത്തും. യേശുക്രിസ്തുവിന്റെ കുരിശുമരണം അനുസ്മരിച്ച് വിശ്വാസികൾ നാളെ ദുഃഖവെള്ളിയും ആചരിക്കും. ഞായറാഴ്ചയാണ് ഈസ്റ്റർ.

പെസഹ വ്യാഴത്തോടനുബന്ധിച്ച് സിറോ മലബാർ സഭ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ, കൊച്ചി കാക്കനാട് സെന്റ് ഫ്രാൻസിസ് അസീസി പള്ളിയിൽ രാവിലെ പ്രത്യേക ശുശ്രൂഷകൾക്ക് നേതൃത്വം നൽകും. വൈകിട്ട് എറണാകുളം സെൻറ് ഫ്രാൻസിസ് അസീസി കത്തീഡ്രലിൽ വരാപ്പുഴ ആർച്ച് ബിഷപ്പ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ പ്രാർത്ഥനാ ശുശ്രൂഷകളിൽ പങ്കെടുക്കും.

തിരുവനന്തപുരത്ത് പാളയം സെന്റ് ജോസഫ് കത്തീഡ്രൽ, പട്ടം സെന്റ് മേരീസ് മേജർ കത്തീഡ്രൽ, PMG ലൂർദ് ഫൊറോന പള്ളി, വെട്ടുകാട് മാദ്രേ ദേ ദേവൂസ്, കോട്ടൺഹിൽ ആശ്രമദേവാലയം എന്നിവിടങ്ങളിലാണ് പ്രധാന ചടങ്ങുകൾ.

കോഴിക്കോട് മദർ ഓഫ് ഗോഡ് കത്തീഡ്രൽ, ബിലാത്തിക്കുളം സെന്റ് ജോർജ്ജ് ഓർത്തഡോക്സ് കത്തീഡ്രൽ, CSI സെന്റ്മേരീസ് ഇംഗ്ലീഷ് പള്ളി തുടങ്ങി ദേവാലയങ്ങളിൽ ഇന്ന് പ്രത്യക പ്രാർത്ഥനാ ശുശ്രൂഷകൾ നടത്തും.

✪✪✪

വയനാടൻ ചുരത്തിൽ ദുഃഖവെള്ളി ദിനത്തിലെ കുരിശിന്റെ വഴിയ്ക്ക് ഒരുക്കങ്ങൾ പൂർത്തിയായതായി സംഘാടകർ കോഴിക്കോട് അറിയിച്ചു. അടിവാരം ഗ്രോട്ടോയിൽ നിന്ന് ലക്കിടി മൗണ്ട് സീനായി ദേവാലയം വരെ 15 കിലോമീറ്റർ ദൂരം കുരിശിന്റെ വഴി സംഘടിപ്പിക്കുന്നത്.

✪✪✪

ലഹരിവിരുദ്ധ കാമ്പയിനിന്റെ നാലാംഘട്ടം ജനപങ്കാളിത്തത്തോടെ തികച്ചും ജനകീയപ്രവർത്തനമായി മാറ്റിയെടുക്കണമെന്ന് മുഖ്യമന്ത്രി പിണറായി

വിജയൻ ആവശ്യപ്പെട്ടു. ഈ മാസവും അടുത്ത മാസവുമായി കാമ്പയിനിന്റെ മുന്നൊരുക്കങ്ങൾ പൂർത്തിയാക്കി, ജൂൺ മുതൽ വിപുലമായ കാമ്പയിൻ ആരംഭിക്കണം. ലഹരിക്ക് കൂടുതലായും അടിമപ്പെടുന്ന വിദ്യാർത്ഥികൾക്കും, യുവജനങ്ങൾക്കും ഊന്നൽ നൽകിയായിരിക്കണം കാമ്പയിൻ എന്നും അദ്ദേഹം നിർദ്ദേശിച്ചു.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

.......(വോയ്സ്).....

തിരുവനന്തപുരത്ത് ലഹരിവിരുദ്ധ പ്രവർത്തനങ്ങളെക്കുറിച്ച് മതമേലധ്യക്ഷരുമായും, രാഷ്ട്രീയ പാർട്ടികളുമായും ചേർന്ന ഓൺലൈൻ യോഗങ്ങൾക്കു ശേഷം വാർത്താലേഖകരോട് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

ലഹരിവിരുദ്ധ കാമ്പയിൻ പ്രവർത്തനങ്ങളെപ്പറ്റി അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഒരാഴ്ചക്കകം മുഖ്യമന്ത്രിയുടെ ഓഫീസിൽ നൽകാവുന്നതാണെന്നും പിണറായി വിജയൻ പറഞ്ഞു. ഒരാളെയും ലഹരിക്ക് വിട്ടുകൊടുക്കില്ലെന്ന പൊതുബോധത്തോടെ ഇടപെടലുകൾ ഉറപ്പുവരുത്തണമെന്നും ജനങ്ങളുടെയും ഗവൺമെന്റ് സംവിധാനങ്ങളുടെയും ഏകോപിത സമീപനമാണ് ഇതിനാവശ്യമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

അതിദാരിദ്ര്യം നേരിടുന്നവരില്ലാത്ത സംസ്ഥാനമാക്കി കേരളത്തെ മാറ്റുന്നതിനാവശ്യമായ പദ്ധതി മികച്ച രീതിയിൽ പുരോഗമിക്കുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ധർമ്മടത്തെ അതിദാരിദ്ര്യമുക്ത നിയോജകമണ്ഡലമായി പ്രഖ്യാപിച്ച നടപടി തികച്ചും അഭിമാനകരമാണെന്ന് അദ്ദേഹം വിലയിരുത്തി. ഈ വർഷം നവംബർ ഒന്നിനകം സംസ്ഥാനത്തെ അതിദാരിദ്ര്യ മുക്തമാക്കുകയെന്ന ലക്ഷ്യം മുൻനിർത്തിയാണ് ഗവൺമെന്റ് പ്രവർത്തിക്കുന്നതെന്നും അദ്ദേഹം മാധ്യമങ്ങളോടു പറഞ്ഞു.

✪✪✪

ഭരണതലത്തിൽ അഴിമതി അവസാനിപ്പിക്കുന്നതിന്, അതിശക്തമായ മുന്നേറ്റം നടത്താൻ ഗവൺമെന്റിന് കഴിഞ്ഞതായി മുഖ്യമന്ത്രി അറിയിച്ചു. ഓപ്പറേഷൻ സ്പോട്ട് ട്രാപ്പ് പദ്ധതിയിലൂടെ 2025 ലെ ആദ്യ മൂന്നു മാസങ്ങളിൽ അഴിമതിക്കാരായ 36 ഉദ്യോഗസ്ഥരെ അറസ്റ്റു ചെയ്തു. 700 ഓളം ഗവൺമെന്റ് ഉദ്യോഗസ്ഥരുടെ പട്ടികയും തയ്യാറാക്കാൻ കഴിഞ്ഞു. മോട്ടോർവാഹന വകുപ്പിന്റെ അതിർത്തി ചെക്പോസ്റ്റുകൾ രാത്രികാലങ്ങളിൽ

നിർത്തലാക്കിയതും അഴിമതി ഇല്ലാതാക്കുകയെന്ന ലക്ഷ്യത്തോടെയാണെന്ന് മുഖ്യമന്ത്രി അറിയിച്ചു.

✪✪✪

മുഖ്യമന്ത്രിയുടെ രാജി ആവശ്യപ്പെട്ട് കോൺഗ്രസ് മെയ് ആറിന് തിരുവനന്തപുരം സെക്രട്ടേറിയറ്റിലേക്കും മറ്റു ജില്ലകളിൽ കളക്ടറേറ്റിലേക്കും മാർച്ച് നടത്തും. മുഖ്യമന്ത്രിയും അദ്ദേഹത്തിന്റെ ഓഫീസും അഴിമതിയിൽ ഉൾപ്പെട്ടുവെന്ന് ആരോപിച്ചാണ് പ്രക്ഷോഭം. ഇന്നലെ തിരുവനന്തപുരത്ത് KPCC ഭാരവാഹികളുടെയും DCC പ്രസിഡന്റുമാരുടെയും യോഗമാണ് ഇതു സംബന്ധിച്ച തീരുമാനമെടുത്തത്.

മുനമ്പം ജനതയെ CPIM ഉം, BJP യും കബളിപ്പിക്കുകയാണെന്ന് യോഗം വിലയിരുത്തി. മുനമ്പം ഭൂമി വഖഫ് ചെയ്തതല്ലെന്ന് സംസ്ഥാന ഗവൺമെന്റിനു കീഴിലെ വഖഫ് ബോർഡ് പ്രഖ്യാപിച്ചാൽ ആ നിമിഷം തീരുന്ന പ്രശ്നമാണ് മുനമ്പത്തേതെന്നും യോഗം കണ്ടെത്തി.

ആശാവർക്കർമാരുടെ സമരം രണ്ടു മാസം പിന്നിട്ടിട്ടും സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ അവരുടെ ന്യായമായ അവകാശങ്ങൾ ഗവൺമെന്റ് നിഷേധിക്കുകയാണെന്ന് യോഗം കുറ്റപ്പെടുത്തി. ഇതേ സാഹചര്യത്തിലാണ് കോടികൾ മുടക്കി ഗവൺമെന്റ് നാലാം വാർഷികം ആഘോഷിക്കാൻ തയ്യാറെടുക്കുന്നതെന്നും അവർ കുറ്റപ്പെടുത്തി.

✪✪✪

സംസ്ഥാന ചലച്ചിത്ര പുരസ്കാരങ്ങൾ മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് വിതരണം ചെയ്തു. നിശാഗന്ധി ഓഡിറ്റോറിയത്തിൽ സംസ്ഥാന ഗവണ്മെന്റിന്റെ പരമോന്നത ചലച്ചിത്ര ബഹുമതിയായ J.C ഡാനിയേൽ പുരസ്കാരം സംവിധായകൻ ഷാജി.N.കരുണിന് മുഖ്യമന്ത്രി സമ്മാനിച്ചു. പൃഥ്വിരാജ് , ഉർവശി, ബീനാചന്ദ്രൻ എന്നിവരും പുരസ്കാരം ഏറ്റുവാങ്ങി.

✪✪✪

ഹരിയാനയിലെ ഭൂമി ഇടപാടുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിൽ പ്രിയങ്ക ഗാന്ധിയുടെ ഭർത്താവും വ്യവസായിയുമായ റോബർട്ട് വദ്രയെ ED ഇന്നും ചോദ്യം ചെയ്യും. ഇന്നലെയും മിനിയാന്നും ED വദ്രയെ ഡൽഹിയിൽ ചോദ്യം ചെയ്തിരുന്നു.

റോബർട്ട് വാദ്രയുടെ കമ്പനി ഗുരുഗ്രാമിൽ ഭൂമി വാങ്ങിയതുമായി ബന്ധപ്പെട്ടതാണ് കേസ്.

✪✪✪

തിരുവനന്തപുരത്തെ മുതലപൊഴി മുറിക്കുന്ന പ്രവൃത്തി ഇന്നാരംഭിക്കും. പൊഴി അടഞ്ഞതിനെ തുടർന്നു ഹാർബറിന്റെ കിഴക്കൻ പ്രദേശങ്ങളായ വക്കം, ചിറയിൻകീഴ്, കടയ്ക്കാവൂർ, അഞ്ചുതെങ്ങ്, അഴൂർ, കഠിനംകുളം, എന്നിവിടങ്ങളിൽ വെള്ളപ്പൊക്ക ഭീഷണിയുണ്ട്. മത്സ്യത്തൊഴിലാളികളുടെ ഉപജീവനം തടസപ്പെടാതിരിക്കാനും വെള്ളപ്പൊക്കത്തിൽ നിന്ന് ജനങ്ങൾക്ക് സംരക്ഷണം ഉറപ്പാക്കാനുമാണ് യുദ്ധകാലാടിസ്ഥാനത്തിൽ പൊഴി മുറിക്കുന്നത്.

✪✪✪

മാനവ സേവയാണ് യഥാർഥ മാധവ സേവയെന്ന് ഗോവ ഗവർണർ PS ശ്രീധരൻ പിള്ള പറഞ്ഞു. കോഴിക്കോട്ട് സൗജന്യ സ്താനാർബുദ രോഗ നിർണ്ണയ ക്യാമ്പ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കാൻസർ 80 ശതമാനവും ചികിത്സിച്ച് ഭേദമാക്കാൻ കഴിയുമെന്നതിനാൽ രോഗത്തേക്കുറിച്ച് ആശങ്കപ്പെടരുതെന്ന് PS ശ്രീധരൻ പിള്ള പറഞ്ഞു.

ET മുഹമ്മദ് ബഷീർ MP , തോട്ടത്തിൽ രവീന്ദ്രൻ MLA, കൈതപ്രം ദാമോദരൻ നമ്പൂതിരി തുടങ്ങിയവർ സംബന്ധിച്ചു.

✪✪✪

നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ LDF തോൽവി നേരിടുമെന്ന് മുസ്ലീം ലീഗ് ദേശീയ ജനറൽ സെക്രട്ടറി P.K .കുഞ്ഞാലിക്കുട്ടി പറഞ്ഞു. വഖഫ് നിയമഭേദഗതി വിഷയത്തിൽ കോഴിക്കോട് കടപ്പുറത്ത് മുസ്ലിം ലീഗ് റാലിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. അഞ്ച് മിനുട്ട് കൊണ്ട് പരിഹരിക്കാവുന്ന 'മുനമ്പം വിഷയം രാഷ്ട്രീയ നേട്ടത്തിനായി സംസ്ഥാന ഗവൺമെന്റ് നീട്ടി കൊണ്ടുപോവുകയാണെന്ന് അദ്ദേഹം ആരോപിച്ചു.

വഖഫ് വിഷയത്തിൽ സുപ്രീം കോടതിയിൽ നിന്നും നീതി പ്രതീക്ഷിക്കുന്നതായും അദ്ദേഹം പറഞ്ഞു. റാലിയിൽ കർണാടക റവന്യൂമന്ത്രി കൃഷ്ണ ഭൈരഗൗഡ, തെലങ്കാന മന്ത്രി അനസൂയ സീതക്ക, ലീഗ് ദേശീയ പ്രസിഡന്റ് പ്രൊഫ. KM ഖാദർ മൊയ്തീൻ തുടങ്ങിയവരും മറ്റു ജനപ്രതിനിധികളും പങ്കെടുത്തു.

✪✪✪

ആശാവർക്കർമാരുടെ രാപ്പകൽസമരം 67-ാം ദിവസത്തിലേക്ക് കടന്നു. നിരാഹാര സമരം ഇന്ന് 29-ാം ദിവസത്തിലേക്കും പ്രവേശിച്ചു.

✪✪✪

IPL ക്രിക്കറ്റിൽ ഡൽഹി ക്യാപിറ്റൽസ് രാജസ്ഥാൻ റോയൽസിനെ സൂപ്പർ ഓവറിൽ പരാജയപ്പെടുത്തി. ഇരു ടീമുകളും 188 റൺസ് എന്ന തുല്യ സ്കോർ നേടിയതോടെയാണ് മത്സരം സൂപ്പർ ഓവറിലേക്ക് നീണ്ടത്.

ഇന്ന് മുംബൈ ഇന്ത്യൻസ്, സൺ റൈസേഴ്സ് ഹൈദരാബാദിനെ നേരിടും. വൈകീട്ട് ഏഴരയ്ക്ക് മുംബൈ വാങ്കഡെ സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

മഞ്ചേരിയിൽ കേരളാ പ്രീമിയർ ലീഗ് ഫുട്ബോളിൽ വയനാട് യുണൈറ്റഡ് FC, കേരള യുണൈറ്റഡ് FC യെ മറുപടിയില്ലാത്ത ഒരു ഗോളിന് തോൽപ്പിച്ചു.

ഇന്ന് കുന്നംകുളത്ത് കേരള പൊലീസ്, PFC കേരളയെയും, മഞ്ചേരിയിൽ കോവളം FC, റിയൽ മലബാർ FC യെയും നേരിടും.

✪✪✪

കോഴിക്കോട് ജില്ലാ E ഡിവിഷൻ ലീഗ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ ഇന്നലെ കൂരിയാൽ ബ്രദേഴ്സും, കാലിക്കറ്റ് FC യും ജേതാക്കളായി. ആദ്യമത്സരത്തിൽ കൂരിയാൽ ബ്രദേഴ്സ് വിസ്ഡം സ്പോർട്സ് അക്കാദമിയെയാണ് തോൽപ്പിച്ചത്.

രണ്ടാം മത്സരത്തിൽ സീക്വീൻ കാലിക്കറ്റ് സോക്കർ ക്ലബ്ബിനെയാണ് കാലിക്കറ്റ് FC പരാജയപ്പെടുത്തിയത്.

✪✪✪

കണ്ണൂർ ജില്ലയിലെ മാവിലാക്കാവ് ക്ഷേത്രത്തിലെ അടിയുത്സവം ഇന്ന്. വൈകീട്ട് ആറരയോടെ മാവിലായി അടി തുടങ്ങും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O.ശശിധരൻ.

.....(വോയ്സ്).........

✪✪✪

കോഴിക്കോട് താലൂക്ക് ഓഫീസിന്റെ വെബ്സൈറ്റ്, ന്യൂനതകൾ പരിഹരിച്ച് ഒരു മാസത്തിനകം കാര്യക്ഷമമാക്കണമെന്ന് സംസ്ഥാന വിവരാവകാശ കമ്മീഷണർ TK രാമകൃഷ്ണൻ നിർദ്ദേശം നൽകി. പൗരാവകാശ രേഖ ഓഫീസിൽ പ്രസിദ്ധീകരിച്ചിട്ടില്ലെന്നും കമ്മീഷൻ കണ്ടെത്തി.

✪✪✪

കോഴിക്കോട്ടെ മാധ്യമ പഠന കേന്ദ്രമായ മാഗ്കോമിലെ ആദ്യ P.G ഡിപ്ലോമ ജേണലിസം ബാച്ചിന് ജവഹർലാൽ നെഹ്റു സർവകലാശാലാ വൈസ് ചാൻസലർ പ്രൊഫ.ശാന്തിശ്രീ ധുലിപുടി പണ്ഡിറ്റ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യും. രാവിലെ ചാലപ്പുറം കേസരി ഭവനിലാണ് ബിരുദദാന ചടങ്ങ്.

✪✪✪

രാഹുൽ മാങ്കൂട്ടത്തിൽ MLA ക്കെതിരെ ഭീഷണി പ്രസംഗം നടത്തിയെന്നാരോപിച്ച് BJP ജില്ലാ കമ്മിറ്റി ഓഫീസിലേക്ക് യൂത്ത് കോൺഗ്രസ് നടത്തിയ മാർച്ചിൽ സംഘർഷമുണ്ടായി. പാലക്കാട് നഗരസഭയിലെ ബൗദ്ധിക ഭിന്നശേഷി നൈപുണ്യ വികസന കേന്ദ്രത്തിന് RSS നേതാവ് ഹെഡ്ഗെവാറിന്റെ പേര് നൽകിയതുമായി ബന്ധപ്പെട്ടാണ് BJP, കോൺഗ്രസ് തർക്കം ആരംഭിച്ചത്.

✪✪✪

---

*News Reader: അനിൽ ചന്ദ്രൻ*
*News Team: ശരണ്യ രാജൻ, നിമിഷ ജി*
*DEO: ഷീബ*